# പതിനാലാം കേരള നിയമസഭ
## ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2633 | 06.02.2018-ൽ മറുപടിയ്ക്ക്

## മഹാത്മാഗാന്ധിയുടെ രക്തസാക്ഷിത്വത്തിന്റെ 70ാം വാർഷികം

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ. മുല്ലക്കര രത്നാകരൻ**<br>**ശ്രീ. ഇ.കെ. വിജയൻ**<br>**ശ്രീ. കെ. രാജൻ**<br>**ശ്രീ. എൽദോ എബ്രഹാം** | **ശ്രീ.എ.കെ.ബാലൻ**<br>**പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി** |
| : മഹാത്മാഗാന്ധിയുടെ രക്തസാക്ഷിത്വത്തിന്റെ 70ാം വാർഷികം ആചരിയ്ക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ? | ഉണ്ട്. മതാതീതമായ മാനവികതയ്ക്കും സാഹോദര്യത്തിനും സഹിഷ്ണുതയ്ക്കും വേണ്ടിയുള്ള വിട്ടുവീഴ്ചയില്ലാത്ത പോരാട്ടത്തിൽ ജീവൻ വെടിഞ്ഞ മഹാത്മാഗാന്ധിയുടെ രക്തസാക്ഷിത്വത്തിന്റെ 70-ാം വാർഷികം 2018 ജനുവരി 30 മുതൽ സാംസ്കാരിക വകുപ്പിന്റെ നേതൃത്വത്തിൽ "രക്തസാക്ഷിത്വത്തിന്റെ 70 വർഷങ്ങൾ" എന്ന പേരിൽ ഒരു വർഷം നീണ്ടുനിൽക്കുന്ന പരിപാടികളോടെ സംസ്ഥാനത്തൊട്ടാകെ ആചരിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. ഗാന്ധിജി കേരളത്തിൽ സന്ദർശിച്ച സ്ഥലങ്ങളും അദ്ദേഹവുമായി സഹകരിക്കുകയും ഐക്യപ്പെടുകയും ചെയ്ത വ്യക്തികളും ചരിത്ര സന്ദർഭങ്ങളും കോർത്തിണക്കി ഒരു വർഷക്കാലം നീണ്ടു നിൽക്കുന്ന പരിപാടികൾ ജില്ലകൾ തോറും വിപുലമായി ആചരിക്കുവാനാണ് നിശ്ചയിച്ചിട്ടുള്ളത്. ജില്ലകളിൽ നടത്തുന്ന പരിപാടികൾ സാംസ്കാരിക വകുപ്പ്, തദ്ദേശ സ്വയംഭരണ വകുപ്പ്, വിദ്യാഭ്യാസ വകുപ്പ്, ലൈബ്രറി കൗൺസിൽ, സാക്ഷരതാ മിഷൻ എന്നിവയുടെ സംയുക്ത ആഭിമുഖ്യത്തിൽ നടത്തുവാനാണ് ഉദ്ദേശിക്കുന്നത്. ഗാന്ധിജിയെക്കുറിച്ചുള്ള |

കവിതകളുടെയും ജീവിത മുഹൂർത്തങ്ങളുടെയും ദൃശ്യാവിഷ്ക്കരണവും, പ്രഭാഷണങ്ങൾ തുടങ്ങിയ സാംസ്കാരിക പരിപാടികളും ഗാന്ധിജിയുടെ ജീവിതം ആസ്പദമാക്കി വിപുലമായ എക്സിബിഷനും സംഘടിപ്പിക്കുവാൻ ഉദ്ദേശിക്കുന്നു. പരിപാടികളുടെ സംസ്ഥാനതല ഉദ്ഘാടനം തിരുവനന്തപുരത്ത് കേരള സർവ്വകലാശാല സെനറ്റ് ഹാളിൽ ജനുവരി മാസം 30 ന് വൈകിട്ട് 5.30 ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി നിർവ്വഹിച്ചു. ജില്ലാ തല പരിപാടികൾ ആസൂത്രണം ചെയ്ത് വരുന്നു.

Indhu

**സെക്ഷൻ ഓഫീസർ**